പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

*നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.404 — 20/10/2016-ൽ മറുപടിക്ക്

<u>അദ്ധ്യാപക പുനർവിന്യാസം</u>

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. എസ്. ശർമ്മ<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. റ്റി.വി. രാജേഷ്<br>ശ്രീ. എം. സ്വരാജ് : | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ കുട്ടികളുടെ എണ്ണം കുറഞ്ഞതിനെ തുടർന്ന് എത്ര അദ്ധ്യാപക തസ്തിക നഷ്ടപ്പെട്ടെന്ന കണക്കാക്കിയിട്ടുണ്ടോ; | (എ) ഉണ്ട്.<br>2015-16-ലെ തസ്തിക നിർണ്ണയ പ്രകാരം 3674 ജീവനക്കാർക്കാണ് എയ്ഡഡ് സ്കൂളുകളിൽ തസ്തിക നഷ്ടമായിട്ടുള്ളത്. |
| (ബി) ഈ അദ്ധ്യാപകരെ പുനർവിന്യസിക്കാനായി എന്തെങ്കിലും നടപടിയെടുത്തിരുന്നോയെന്ന് അറിയിക്കാമോ; | (ബി) സംരക്ഷിതജീവനക്കാരെ പുനർവിന്യസിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ 5/8/2016 ലെ സ.ഉ (പി) നം.134/2016/പൊവിവ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) സംരക്ഷിത അദ്ധ്യാപകരെ പുനർവിന്യസിക്കുന്നതിനോടുള്ള മാനേജ് മെന്റിന്റെ എതിർപ്പിന്റെ കാരണങ്ങൾ എന്തൊക്കെയാണ്; മാനേജ്മെന്റുകളുടെ ഭാഗത്തു നിന്നുണ്ടാകുന്ന ഇത്തരം നിലപാട് അവസാനിപ്പിക്കാൻ നടപടിയെടുക്കാൻ സാധിക്കുമോ എന്ന കാര്യം അറിയിക്കാമോ? | (സി) എയ്ഡഡ് സ്കൂളുകളിലെ ചില ഒഴിവുകളിൽ അവിടെ സംരക്ഷിതാദ്ധ്യാപകർ ഇല്ലെങ്കിൽ മറ്റ് മാനേജ്മെന്റുകളിൽ നിന്നുള്ള സംരക്ഷിതാദ്ധ്യാപകരെ ഉപയോഗിച്ച് നികത്തണമെന്ന് 5/8/2016 ലെ സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഈ വ്യവസ്ഥ മാനേജ്മെന്റുകളുടെ എതിർപ്പിന് ഒരു കാരണമാണ്. ഈ ഉത്തരവിനെതിരെ വിവിധ മാനേജ്മെന്റുകൾ ഫയൽ ചെയ്ത കേസുകൾ ബഹു.ഹൈക്കോടതിയുടെ പരിഗണനയിലായതിനാൽ, കോടതി വിധിയുടെ അടിസ്ഥാനത്തിൽ മാത്രമെ ഈ വിഷയത്തിൽ തീരുമാനം കൈക്കൊള്ളാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ